**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1778** **29-09-2025 - ൽ മറുപടിയ്ക്ക്**

**സി. ആന്റ് എ. ജി. ഓഡിറ്റ്**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ. എ. പി. അനിൽ കുമാർ** | | **ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | കൃഷി വകുപ്പിലും അനുബന്ധ സ്ഥാപനങ്ങളിലും സി.ആന്റ് എ. ജി. ഓഡിറ്റ് ഏത് വർഷം വരെ നടന്നിട്ടുണ്ട്; 2016-17 മുതൽ സി. ആന്റ് എ. ജി. നടത്തിയ ഓഡിറ്റ് റിപ്പോർട്ടുകളിൽ കണ്ടെത്തിയ ക്രമക്കേടുകൾ വ്യക്തമാക്കാമോ? | (എ) | **വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.** |

സെക്ഷൻ ഓഫീസർ

## അനുബന്ധം

*** കാർഷിക വികസന കർഷകക്ഷേമ വകുപ്പ്**

| ക്രമ നം. | കാര്യാലയത്തിന്റെ പേര് | സി.ആന്റ് എ. ജി ഓഡിറ്റ് പൂർത്തീകരിച്ച കാലയളവ് |
|---|---|---|
| 1 | കെ.എസ്.എസ്.ഡി.എ, തൃശ്ശൂർ | 31.03.2016 |
| 2 | ആർ.എ.റ്റി.റ്റി.സി, തളിപ്പറമ്പ് | 30.06.2011 |
| 3 | ആർ.എ.റ്റി.റ്റി.സി, വൈറ്റില | 28.02.2014 |
| 4 | അഗ്രി മാർക്കറ്റ്, മരട് | 31.07.2017 |
| 5 | ജില്ലാ കൃഷിത്തോട്ടം, കോഴ | 30.09.2013 |
| 6 | ആർ.എ.റ്റി.റ്റി.സി, മലമ്പുഴ | 28.02.2015 |
| 7 | പ്രിൻസിപ്പൽ കൃഷി ഓഫീസ്, മലപ്പുറം | 31.12.2022 |
| 8 | ജില്ലാ കൃഷിത്തോട്ടം, മാവേലിക്കര | 21.12.2023 |
| 9 | പ്രിൻസിപ്പൽ കൃഷി ഓഫീസ്, പാലക്കാട് | 31.03.2023 |
| 10 | സീഡ് ഗാർഡൻ കോംപ്ലക്സ്, മുണ്ടേരി | 31.03.2023 |
| 11 | ആർ.റ്റി.റ്റി.സി, വെള്ളായണി | നടന്നിട്ടില്ല. |
| 12 | അഗ്രി മാർക്കറ്റ്, മൂവാറ്റുപുഴ | 31.03.2017 |
| 13 | ജില്ലാ കൃഷിത്തോട്ടം, നേരിയമംഗലം | 29.02.2020 |
| 14 | ജില്ലാ കൃഷിത്തോട്ടം,  കൂത്താളി | 31.10.2015 |
| 15 | ജില്ലാ കൃഷിത്തോട്ടം, പെരിങ്ങമല | 31.12.2019 |
| 16 | ജില്ലാ കൃഷിത്തോട്ടം, അരീക്കുഴ | 31.1.2005 |
| 17 | ജില്ലാ കൃഷിത്തോട്ടം, ചേലക്കര | 31.08.2006 |
| 18 | സി.എസ്.ററി.എൽ & പി.എച്ച്.സി, പാറോട്ടുകോണം | 31.03.2022 |
| 19 | പ്രിൻസിപ്പൽ കൃഷി ഓഫീസ്, എറണാകുളം | 31.01.2021 |
| 20 | ബയോ കൺട്രോൾ ലാബ്, മണ്ണുത്തി | 31.03.2015 |
| 21 | എക്സിക്യൂട്ടീവ് എഞ്ചിനീയർ കോഴിക്കോട് | 31.05.2019 |
| 22 | കൃഷി ഡയറക്ടറേറ്റ് | 31.03.2024 |
| 23 | പ്രിൻസിപ്പൽ കൃഷി ഓഫീസ്, ഇടുക്കി | 31.03.2024 |
| 24 | ആർ.എ.റ്റി.റ്റി.സി, കഴക്കൂട്ടം | 31.03.2019 |
| 25 | പ്രിൻസിപ്പൽ കൃഷി ഓഫീസ്, പത്തനംതിട്ട | 31.03.2019 |
| 26 | ജില്ലാ കൃഷിത്തോട്ടം, ചുങ്കത്തറ | 31..03.2015 |
| 27 | പ്രിൻസിപ്പൽ കൃഷി ഓഫീസ്, കാസർഗോഡ് | 31.01.2020 |
| 28 | പ്രിൻസിപ്പൽ കൃഷി ഓഫീസ്, വയനാട് | 31.12.2019 |
| 29 | അഗ്രി മാർക്കറ്റ്, നെടുമങ്ങാട് | 31.03.2019 |
| 30 | എഫ്.ഐ.ബി, തിരുവനന്തപുരം | 31.03.2019 |
| 31 | കെ.സി.പി.എം, മങ്കൊമ്പ് | 31.03.2014 |

| | | |
|---|---|---|
| 32 | പ്രിൻസിപ്പൽ കൃഷി ഓഫീസ്, കോട്ടയം | 28.02.2022 |
| 33 | ആർ.എ.റ്റി.റ്റി.സി, കോഴ | 31.03.2016 |
| 34 | പ്രിൻസിപ്പൽ കൃഷി ഓഫീസ്, കണ്ണൂർ | 30.09.2014 |
| 35 | പെസ്റ്റിസൈഡ് ടെസ്റ്റിംഗ് ലാബ്, പാറോട്ടുകോണം | 30.06.2019 |
| 36 | പ്രിൻസിപ്പൽ കൃഷി ഓഫീസ്, തിരുവനന്തപുരം | 31.03.2019 |
| 37 | ജില്ലാ കൃഷിത്തോട്ടം, അഞ്ചൽ | 30.04.2014 |
| 38 | എഫ്.ക്യൂ.സി.എൽ, പാറോട്ടുകോണം | 31.03.2022 |
| 39 | എക്സിക്യൂട്ടീവ് എഞ്ചിനീയർ, ആലപ്പുഴ | 31.01.2014 |
| 40 | പ്രിൻസിപ്പൽ കൃഷി ഓഫീസ്, തൃശ്ശൂർ | 31.01.2021 |
| 41 | ഓറഞ്ച് & വെജിറ്റബിൾ ഫാം, നെല്ലിയാമ്പതി | 29.02.2020 |
| 42 | പ്രിൻസിപ്പൽ കൃഷി ഓഫീസ്, ആലപ്പുഴ | 31.03.2023 |
| 43 | പ്രിൻസിപ്പൽ കൃഷി ഓഫീസ്, കോഴിക്കോട് | 31.03.2024 |
| 44 | ജില്ലാ കൃഷിത്തോട്ടം, തളിപ്പറമ്പ് | 30.09.2024 |
| 45 | ബി.എം.എഫ്.സി, കഴക്കൂട്ടം | 31.05.2019 |
| 46 | പ്രിൻസിപ്പൽ കൃഷി ഓഫീസ്, കൊല്ലം | 28.02.2022 |
| 47 | അഗ്രി മാർക്കറ്റ്, ആനയറ | 31.03.2022 |
| 48 | അഗ്രി മാർക്കറ്റ്, വേങ്ങേരി | നടന്നിട്ടില്ല. |
| 49 | അഗ്രി മാർക്കറ്റ്, സുൽത്താൻ ബത്തേരി | 31.03.2022 |

കംട്രോളർ & ഓഡിറ്റർ ജനറൽ നടത്തിയ 2016-17 മുതലുള്ള ഓഡിറ്റ് റിപ്പോർട്ടു പ്രകാരം ദുരുപയോഗം, മോഷണം, പണച്ചുരുക്കൽ മുതലായവിൽ ഈ വകുപ്പുമായി ബന്ധപ്പെട്ട് 11 കേസുകളാണ് നിലവിലുള്ളത്. ചുവടെ പറയുന്ന കാര്യാലയങ്ങളുമായി ബന്ധപ്പെട്ടാണ് ക്രമക്കേടുകൾ റിപ്പോർട്ട് ചെയ്തിട്ടുള്ളത്.

| | |
|---|---|
| 1 | പ്രിൻസിപ്പൽ കൃഷി ഓഫീസ്, കണ്ണൂർ |
| 2 | കൃഷി ഓഫീസ് അരക്കുളം, ഇടുക്കി |
| 3 | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയം, തൃശ്ശൂർ |
| 4 | പ്രിൻസിപ്പൽ കൃഷി ഓഫീസ്, ആലപ്പുഴ |
| 5 | കൃഷി ഡയറക്ടറേറ്റ്, വികാസ് ഭവൻ |
| 6 | പ്രിൻസിപ്പൽ കൃഷി ഓഫീസ്, കാസർഗോഡ് |
| 7 | അസിസ്റ്റന്റ് ഡയറക്ടറുടെ കാര്യാലയം, തൃശ്ശൂർ |
| 8 | പ്രിൻസിപ്പൽ കൃഷി ഓഫീസ്, ഇടുക്കി |
| 9 | കോക്കനട്ട് നഴ്സറി, വലിയതുറ |
| 10 | അസിസ്റ്റന്റ് ഡയറക്ടറുടെ കാര്യാലയം |
| 11 | പ്രിൻസിപ്പൽ കൃഷി ഓഫീസ്, തൃശ്ശൂർ |

**<u>*മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ്</u>**

ചില ഓഫീസുകളിൽ സി.ആന്റ്.എ.ജി. 31.03.2024 വരെ ഓഡിറ്റ് നടന്നിട്ടുണ്ട്. ഓഡിറ്റുമായി ബന്ധപ്പെട്ട ക്രമക്കേടുകൾ ഒന്നും തന്നെ കണ്ടെത്തിയിട്ടില്ല. എജി തടസ്സവാദങ്ങൾ മാത്രമാണ് ഉന്നയിച്ചിട്ടുള്ളത്.

**<u>*കേരള കാർഷിക സർവ്വകലാശാല</u>**

കൃഷി വകുപ്പിന് കീഴിലുള്ള കേരള കാർഷിക സർവ്വകലാശാലയിൽ 2024 മാർച്ച് വരെയുള്ള കാലയളവിലെ എ.ജി. ഓഡിറ്റ് നടന്നിട്ടുണ്ട്.

മേൽ റിപ്പോർട്ടുകളിൽ സർക്കാർ ഉത്തരവുകൾ നടപ്പാക്കാത്തതിനാൽ കെ.എ.യുവിനുള്ള വരുമാന നഷ്ടം, അസിസ്റ്റന്റ് പ്രൊഫസർമാരുടെ നിയമനം, പവർ ഗ്രിഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യ ഏറ്റെടുത്ത ഭൂമിയുടെ നഷ്ടപരിഹാരം, ഡീൻ & ഡയറക്ടർ തസ്തികയിലേക്ക് നേരിട്ടുള്ള നിയമനം, കെട്ടിടങ്ങൾ ക്രമപ്പെടുത്താതിരിക്കുന്നത്, പി.എസ്.സി നിയമനങ്ങൾ വഴി അനുവദിച്ച ഒഴിവുകൾ നികത്താതിരിക്കൽ, ക്രെഡിറ്റ് സെയിൽ, ഏഴാം യു.ജി.സി. ശമ്പള പരിഷ്കരണം, പ്രസ് കെട്ടിടത്തിന്റെ നിർമ്മാണം, പദ്ധതി ഫണ്ട്, പെൻഷൻ ഫണ്ട് തുടങ്ങിയവയുടെ വിനിയോഗം, വെള്ളായണി കോളേജിലെ പി വനിതാ ഹോസ്റ്റൽ നിർമ്മാണം, ആസ്തി രജിസ്റ്റർ പരിപാലനം തുടങ്ങിയവയുമായി ബന്ധപ്പെട്ട പരാമർശങ്ങൾ ചൂണ്ടിക്കാണിക്കുന്നുണ്ട്.

**<u>*കേരള അഗ്രോ ബിസിനസ്സ് കമ്പനി ലിമിറ്റഡ് (കാബ്കോ)</u>**

2023 ഒക്ടോബർ മാസത്തിലാണ് കാബ്കോ രൂപീകൃതമായത്. കാബ്കോയിൽ 2023-24 വർഷത്തെ സി.ആന്റ്.എ.ജി. ഓഡിറ്റ് നടത്തിയിട്ടുണ്ട്. 2024-25 വർഷത്തെ ഓഡിറ്റ് നടന്നു വരുന്നു. ഓഡിറ്റ് റിപ്പോർട്ടിൽ ക്രമക്കേടുകൾ ഒന്നും തന്നെ കണ്ടെത്തിയിട്ടില്ല.

**<u>*കേരള സംസ്ഥാന കർഷക കടാശ്വാസ കമ്മീഷൻ</u>**

2016-17 മുതൽ 2021-22 വരെയുള്ള കാലങ്ങളിലെ ഈ കാര്യാലയത്തിലെ അക്കൗണ്ട്സുകളുടെയും രജിസ്റ്ററുകളുടെയും ലോക്കൽ ഓഡിറ്റ് സംബന്ധിച്ച Principal AG (Audit t Thiruvananthapuram, Kerala) യുടെ ഇൻസ്പെക്ഷൻ റിപ്പോർട്ടിൽ ക്രമക്കേടുകൾ കണ്ടെത്തിയത് സംബന്ധിച്ച് പരാമർശം നടത്തിയിട്ടില്ല.

**<u>*സ്റ്റേറ്റ് അഗ്രികൾച്ചർ മാനേജ്മെന്റ് & എക്സ്റ്റൻഷൻ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് (സമേതി)</u>**

2013 ലെ സി.ആന്റ്.എ.ജി. ഓഡിറ്റ് മാത്രമേ നടന്നിട്ടുള്ളൂ.

**<u>*സ്മാൾ ഫാർമേഴ്സ് അഗ്രി ബിസിനസ്സ് കൺസോർഷ്യം</u>**

സി.ആന്റ്.എ.ജി. ഓഡിറ്റ് 2023-24 വർഷം വരെ നടന്നിട്ടുണ്ട്.

**<u>*കേരള ലാൻഡ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്</u>**

2021-22 വരെ സി.ആന്റ്.എ.ജി. ഓഡിറ്റ് നടത്തിയിട്ടുണ്ട്. സി.ആന്റ്.എ.ജി. കണ്ടെത്തിയ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. Levy of centage charges.

2. Non maintenance of project wise account and submission of incorrect U.C.

3. Non compliance with KPWD manual.

4. Non provision of hindrance free land.

5. Delay in completion of projects.

6. Performance of projects.

**<u>*വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ കേരള (വി.എഫ്.പി.സി.കെ)</u>**

വി.എഫ്.പി.സി.കെ- യുടെ സി & എ.ജി ഓഡിറ്റ് നടന്നിട്ടുള്ളത് 2016-17 സാമ്പത്തിക വർഷം വരെയാണ്. ഓഡിറ്റ് റിപ്പോർട്ടിലെ പ്രധാന കണ്ടെത്തലുകൾ ചുവടെ ചേർക്കുന്നു.

1. ഒരേ സമയം രണ്ട് തരം പെൻഷൻ ഫണ്ടിലേയ്ക്ക് വിഹിതം അടയ്ക്കുന്നതു കൊണ്ടുള്ള അധിക ബാധ്യത.
2. ഇൻഷുറൻസ് കോർപറേറ്റ് ഏജൻസി കമ്മീഷൻ 71.41 ലക്ഷം രൂപ ലഭിക്കാനുള്ളത്, ഇനിയും ലഭിക്കാത്തത്.
3. ഗവണ്മെന്റ് നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി പോസ്റ്റുകൾ സൃഷ്ടിച്ച് അധിക ബാധ്യത വരുത്തിയത്.
4. ഇൻകം ടാക്സ്, ടി.ഡി.എസ് റീഫണ്ടുകൾ ലഭിക്കാത്തത്.
5. ലോഗോ ഡിസൈൻ ചെയ്യുന്നതിനും ട്രേഡ് മാർക്ക് രജിസ്റ്റർ ചെയ്യുന്നതിനും ഒരേ സമയം രണ്ട് ഏജൻസികളെ ചുമതലപ്പെടുത്തിയത്.

6. ഗവണ്മെന്റിൽ നിന്ന് ലഭിച്ചതിനേക്കാൾ തുക ഓണച്ചന്ത നടത്തിപ്പിന് ചെലവാക്കിയത്.

7. ഫീസിബിലിറ്റി പഠനം നടത്താതെ പ്രൊപ്പോസൽ സമർപ്പിച്ചത് മൂലം മാർക്കറ്റ് വികസനത്തിന് വേണ്ടി ലഭിച്ച ധനസഹായം പൂർണ്ണമായി ചെലവഴിക്കാനാകാത്തത്.

8. ഇൻകം ടാക്സ് ടി.ഡി.എസ് 4700 രൂപ പിടിക്കാൻ വിട്ടുപോയത്.

9. സർക്കാർ ധനസഹായം സമയബന്ധിതമായി വിനിയോഗിക്കാത്തത്.

10. ഇന്റേർണൽ കൺട്രോൾ സംവിധാനങ്ങളുടെ കാര്യക്ഷമതാക്കുറവ്.

**<u>*സ്റ്റേറ്റ് ഫാമിംഗ് കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ്</u>**

സ്റ്റേറ്റ് ഫാമിംഗ് കോർപ്പറേഷനിലെ സി & എ.ജി ഓഡിറ്റ് 2014-17 വരെ നടത്തിയിട്ടുള്ളതാണ്. ടി ഓഡിറ്റിന്റെ റിപ്പോർട്ട് പ്രകാരം രണ്ട് പരാമർശം പെൻഡിംഗ് ആയിട്ടുള്ളതാണ്. ആയതിന്റെ മറുപടി സി & എ.ജി.ക്ക് സമർപ്പിച്ചിട്ടുള്ളതാണ്.

2017 മുതൽ 2025 വരെയുള്ള സി & എ.ജി ഓഡിറ്റ് 22.08.2025 മുതൽ കോർപ്പറേഷനിൽ നടന്നു വരികയാണ്. ടി കാലയളവിലെ റിപ്പോർട്ട് ഇതുവരെ സി & എ.ജി യിൽ നിന്നും ലഭിച്ചിട്ടില്ല.

**<u>*കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ</u>**

കേരളാ അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനിൽ സി & എ.ജി ഓഡിറ്റ് 2021-22 വരെ നടന്നിട്ടുണ്ട്. 2016-17 മുതൽ സി & എ.ജി നടത്തിയ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരളാ അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ രാഷ്ട്രീയ കൃഷി വികാസ് യോജനയ്ക്ക് കീഴിൽ നടപ്പാക്കിയ Project proposal for Agricultural Mechanization (Kuttanad Package), Farm Mechanization for Integrated Kole Development എന്നീ പദ്ധതികളുമായി ബന്ധപ്പെട്ട ക്രമക്കേടുകൾ സംബന്ധിച്ച ഓഡിറ്റ് ഖണ്ഡികകൾ 2.2.2, 2.2.3, 2.2.4, 2.2.5 എന്നിവ ആയിരുന്നു. ഈ ഓഡിറ്റ് ഖണ്ഡികകളുമായി ബന്ധപ്പെട്ട കേരളാ അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ സമർപ്പിച്ച നടപടി റിപ്പോർട്ട് പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ 12.11.2024 ൽ ചേർന്ന പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച സമിതി (2023-26) കേരളാ അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനെ മേൽ ഓഡിറ്റ് ഖണ്ഡികകളിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

**<u>*കേരള അഗ്രോ മെഷീനറി കോർപ്പറേഷൻ</u>**

കേരള അഗ്രോ മെഷിനറി കോർപ്പറേഷനിൽ 2023-2024 സാമ്പത്തിക വർഷം വരെയുള്ള കണക്കുകളുടെ ഓഡിറ്റ് നടന്നിട്ടുണ്ട്. സി & എജി 2016-2017 മുതൽ നടത്തിയ ഓഡിറ്റുകളിൽ ക്രമക്കേടുകൾ ഒന്നും കണ്ടെത്തിയിട്ടില്ല.

***പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ്**

2020-2021 വർഷം വരെ സി & എജി അക്കൗണ്ട്സ് ഓഡിറ്റ് പൂർത്തീകരിച്ചിട്ടുണ്ട്. ടി കാലയളവ് വരെയുള്ള അക്കൗണ്ട്സ് ഓഡിറ്റിൽ സി & എജി ക്രമക്കേടുകൾ ഒന്നും കണ്ടെത്തിയിട്ടില്ല.

***ഹോർട്ടികൾച്ചറൽ പ്രോഡക്ട്സ് ഡെവലപ്മെന്റ് കോർപ്പറേഷൻ**

ഹോർട്ടികോർപ്പിൽ 2016-17 മുതൽ 2021-22 വരെയുള്ള കാലയളവിലെ C&AG Audit പൂർത്തീകരിച്ചിട്ടുണ്ട്.ക്രമക്കേടുകൾ കണ്ടെത്തിയിട്ടില്ല.

***കേരള സംസ്ഥാന നാളികേര വികസന കോർപ്പറേഷൻ**

കേരള സംസ്ഥാന നാളീകേര വികസന കോർപ്പറേഷന്റെ സി ആന്റ് എ.ജി 2022-23 കാലഘട്ടം വരെ നടന്നിട്ടുണ്ട്.

2016-17 മുതൽ സി ആന്റ് എ.ജി നടത്തിയ ഓഡിറ്റ് റിപ്പോർട്ടുകളിൽ നാളിതുവരെ ക്രമക്കേടുകൾ ഒന്നും തന്നെ കണ്ടെത്തിയിട്ടില്ല.

***കേരള കർഷക ക്ഷേമനിധി ബോർഡ്**

കേരള കർഷക ക്ഷേമനിധി ബോർഡ് രൂപീകരിച്ച് നാളിതുവരെ സി ആന്റ് എ.ജി നടത്തിയ ഓഡിറ്റ് നടത്തിയിട്ടില്ല.

***കേരള കേര കർഷക സഹകരണ ഫെഡറേഷൻ**

കേരാഫെഡിന് സഹകരണവകപ്പിന്റെ ഓഡിറ്റാണ് ബാധകമായിട്ടുള്ളത്. മേൽ സാഹചര്യത്തിൽ സി.ആന്റ് എ.ജി. ഓഡിറ്റ് നടത്തുന്നില്ല.

***ഫാം ഇൻഫർമേഷൻ ബ്യൂറോ**

2019 വരെ സി & എ ജി ഓഡിറ്റ് നടന്നിട്ടുണ്ട്, ക്രമക്കേടുകൾ കണ്ടെത്തിയിട്ടില്ല.

***ഓയിൽ പാം ഇന്ത്യ ലിമിറ്റഡ്**

ഓയിൽ പാം ഇൻഡ്യാ ലിമിറ്റഡിൽ സി.ആന്റ് എ.ജി ഓഡിറ്റ് 2023-24 വരെ നടത്തിയിട്ടുള്ളതാണ്. ഓഡിറ്റ് റിപ്പോർട്ടിൽ ക്രമക്കേടുകൾ ഒന്നും കണ്ടെത്തിയിട്ടില്ല.

***സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷൻ**

കാർഷിക വികസന കർഷകക്ഷേമ വകുപ്പിന്റെ സി & എ ജി ഓഡിറ്റിനോടൊപ്പമാണ് സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ കേരളയുടെയും ഓഡിറ്റുകൾ നടത്തുന്നത്. കൃഷി ഡയറക്ടറേറ്റിൽ 2023-24 സാമ്പത്തിക വർഷം വരെ സി & എ ജി ഓഡിറ്റ് പൂർത്തീകരിച്ചിട്ടുണ്ട്.

**<u>*സ്റ്റേറ്റ് വെയർഹൗസിംഗ് കോർപ്പറേഷൻ</u>**

സ്റ്റേറ്റ് വെയർഹൗസിംഗ് കോർപ്പറേഷന്റെ വാർഷിക കണക്കുകളുടെ ഓഡിറ്റ് സി & എ ജി 2023–24 വരെ പൂർത്തിയാക്കിയിട്ടുണ്ട്. 2016–17 മുതൽ സി & എ ജിയുടെ ഓഡിറ്റ് റിപ്പോർട്ടുകളിൽ ക്രമക്കേടുകൾ ഒന്നും തന്നെ കണ്ടെത്തിയിട്ടില്ല.

**<u>*വാഴക്കുളം അഗ്രോ & ഫ്രൂട്ട് പ്രോസസിംഗ് കമ്പനി ലിമിറ്റഡ്</u>**

വാഴക്കുളം അഗ്രോ ആന്റ് ഫ്രൂട്ട് പ്രോസസ്സിംഗ് കമ്പനി ലിമിറ്റഡിൽ സി ആന്റ് എ ജി ഓഡിറ്റ് 2023–24 വർഷം വരെ നടത്തിയിട്ടുള്ളതാണ്. ഓഡിറ്റിൽ കണ്ടെത്തിയിട്ടുള്ള നിരീക്ഷണങ്ങളിൽ അവസാനമായി വിശദീകരണം അവശ്യപ്പെട്ടിട്ടുള്ളത് 2017 വർഷത്തിൽ ടെട്രാപാക് മെഷീനറി മാറ്റി സ്ഥാപിക്കുന്നതിന് ലഭിച്ച 196.55 ലക്ഷം രൂപ നിലവിലുള്ള മെഷീനറി നന്നാക്കുന്നതിനും, ഉൽപാദനത്തിനുമായി വക ചെലവാക്കിയത് സംബന്ധിച്ചാണ്. ഇക്കാര്യത്തിൽ 19.06.2025 ന് നിയമസഭാ സെക്രട്ടറിയേറ്റ് 5A കോൺഫറൻസ് ഹാളിൽ കൂടിയ മീറ്റിംഗിൽ നേരിട്ട് വിശദീകരണം നൽകിയിട്ടുള്ളതാണ്.

സെക്ഷൻ ഓഫീസർ